## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 245 — 19.06.2014 ൽ മറുപടിക്ക്

# വിലക്കയറ്റം തടയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി:<br>ശ്രീ.വി.എസ്. സുനിൽ കുമാർ:<br>ശ്രീ. കെ. അജിത്:<br>ശ്രീ. വി. ശശി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) 2011 മേയ് മാസത്തിനു ശേഷം സംസ്ഥാനത്ത് പൊതു വിപണിയിലും മാവേലി - നന്മ സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ 2011 മേയ് മാസത്തെ വിലയും ഇപ്പോഴത്തെ വിലയും തമ്മിൽ താരതമ്യം ചെയ്ത് വിശദാംശം ലഭ്യമാക്കുമോ; | (എ) 2011 മേയ് മാസത്തിനുശേഷം അതായത് 01.08.2012 മുതൽ സപ്ലൈകോ പൊതു വിതരണ ശാലകളിൽ വിതരണം ചെയ്യുന്ന വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്ത ഇനങ്ങളായ കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ഉഴുന്ന് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സബ്സിഡി ഒഴിവാക്കിയതിനാൽ ഈ സാധനങ്ങൾക്ക് കുറച്ച് വില വർദ്ധിച്ചിട്ടുണ്ട്. പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഭക്ഷ്യ വസ്തുക്കളായ ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവ സബ്സിഡി നൽകുന്ന 13 ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയ ഇനങ്ങൾക്ക് ഇപ്പോഴത്തെ വിൽപ്പന വില പൊതു മാർക്കറ്റിലെ വിലയേക്കാൾ 10 - 30 % കുറവാണ്. 2011 മെയ് മാസത്തിലെ വില വിവരവും സബ്സിഡി സാധനങ്ങളുടെ ഇപ്പോഴത്തെ വിലവിവരവും അനുബന്ധമായി ചേർക്കുന്നു.<br><br>2011 മെയ് മാസത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷമാണ് നന്മ പദ്ധതി ആരംഭിച്ചത്. പൊതുവിപണിയിലെ വിലക്കയറ്റം തടയുക എന്ന ഉദ്ദേശ്യത്തോടെയാണ് നന്മ പദ്ധതി ആരംഭിച്ചത്. പൊതുവിപണി വിലയേക്കാൾ 20% കുറച്ച് അവശ്യ നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയും വിലക്കയറ്റം നിയന്ത്രിക്കുവാനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അടുത്ത രണ്ടു വർഷക്കാലത്തേക്ക് പ്രഖ്യാപിച്ച പദ്ധതികളിൽ വിലക്കയറ്റം തടയുന്നതിനായി എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) | അടുത്ത രണ്ടു വർഷകാലത്തേയ്ക്ക് സമയബന്ധിതമായി ചെയ്തു തീർക്കാൻ ഉദ്ദേശിച്ചു കൊണ്ട് മിഷൻ 676 എന്ന പേരിൽ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകൾ ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും, വിലക്കയറ്റം തടയുന്നതിനായി നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് നൽകുവാനുദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയും ഉൾപ്പെടുത്തി യിട്ടുണ്ട്. അത്യാവശ്യ പതിമൂന്ന് ഇന ഭക്ഷ്യ ധാന്യങ്ങൾ സപ്ലൈകോയുടെ സംസ്ഥാ നത്തെ എല്ലാ വിൽപ്പന കേന്ദ്രങ്ങൾ വഴിയും സബ്സിഡി അനുവദിച്ചുകൊണ്ട് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നുണ്ട്. വളരെ വലിയവിഭാഗം കുടുംബങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന അവശ്യ സാധനങ്ങളെ ആശ്രയിക്കുന്നവരാണ് എന്നാണ് കാണുന്നത്. ഇത് തുടരുവാൻ സപ്ലൈകോയ്ക്ക് വേണ്ട സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. |

Beena

**സെക്ഷൻ ഓഫീസർ**

27

PERCENTAGE DIFFERENCE OF OPEN MARKET RETAIL PRICE BETWEEN 2011 MAY AND 2014 MAY

| COMMODITY | Variety/Brand | 31-05-2011 Rs./Kg | 11-06-14 Rs./Kg | PERCENTAGE DIFFERENCE |
|---|---|---|---|---|
| RICE | Matta | 30 | 34 | 13.33 |
| RICE | Chamba | 29 | 38 | 31.03 |
| RICE-Raw | | 24 | 32 | 33.33 |
| WHEAT | | 26 | 31 | 19.23 |
| GREEN GRAM DHAL | | 80 | 98 | 22.50 |
| GREEN GRAM | | 78 | 90 | 15.38 |
| BLACK GRAM SPLIT W/o husk | | 76 | 84 | 10.53 |
| BLACK GRAM SPLIT with husk | | 68 | 74 | 8.82 |
| RED GRAM | | 46 | 58 | 26.09 |
| TUR DHAL | | 74 | 76 | 2.70 |
| BENGAL GRAM BOLD | | 48 | 50 | 4.17 |
| PEAS DHALL | | 27 | 40 | 48.15 |
| MASOOR DHALL | | 50 | 60 | 20.00 |
| SUGAR | | 30 | 37 | 23.33 |
| VANASPATHY | | 78 | 90 | 15.38 |
| TEA(LOOSE) 500 g | No. one dust | 75 | 100 | 33.33 |
| TEA(PKD) 500 g | Kannan Devan | 111 | 146 | 31.53 |
| CORRIANDAR | | 76 | 112 | 47.37 |
| CHILLIES DRY | | 116 | 88 | -24.14 |
| POTATO | | 20 | 32 | 60.00 |
| ONION | | 25 | 34 | 36.00 |
| SAVOLA | | 13 | 34 | 161.54 |
| SALT(PKD Iodised) | SPRINGLE | 8 | 10 | 25.00 |
| GUR | | 36 | 48 | 33.33 |
| COCONUT OIL (Loose) | | 110 | 155 | 40.91 |
| Milk(COW'S) | Per Ltr | 23 | 32 | 39.13 |
| ATTA(wheat Flour) | | 26 | 27 | 3.85 |
| PALMOLEIN Per Ltr | | 60 | 65 | 8.33 |
| Sunflower oil | | 78 | 90 | 15.38 |
| Brinjal | | 16 | 24 | 50.00 |
| Cabbage | | 12 | 30 | 150.00 |
| Tomato | | 16 | 20 | 25.00 |

12/6/14

Beena
Section Officer

# വിശദീകരണക്കുറിപ്പ്

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന ഭക്ഷ്യ ധാന്യ ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധന, സർക്കാർ നിശ്ചയിച്ചിട്ടുള്ള തറ വിലയിലുള്ള വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധന ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്.

പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം മട്ട അരി, ജയ അരി, കുറുവ അരി, പച്ചരി എന്നിവ കി.ഗ്രാമിന് 21 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. നാമമാത്രമായ ഉപഭോഗമുള്ള ജീരകം, കടുക്, ഉലുവ തുടങ്ങിയ സാധനങ്ങൾക്ക് പകരം ഉപഭോക്താക്കൾക്ക് കൂടുതലായി ആവശ്യമുള്ള വെളിച്ചെണ്ണ, ജയ അരി, കുറുവ അരി എന്നിവ സബ്സിഡിയുടെ സാധനങ്ങളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുക വഴി ഈ പദ്ധതി പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കി പരിഷ്ക്കരിച്ചു.

സബ്സിഡി ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും കൂടുതൽ ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കി യഥാർത്ഥ ഉപഭോക്താവിനു മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കൂ എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡിയുടെ ദുർവിനിയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇൻന്റേർണൽ ഓഡിറ്റ് വിഭാഗം എന്നിവ മുഖേന വിൽപ്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്.

Beena
Section officer